DESPATCHED
On 14/10/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1227(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 9276/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഒക്ടോബർ 13**

ശ്രീ. കെ.എ. സുലൈമാൻ,
കോട്ടയിൽ വീട്,
പുതുവാശ്ശേരി, കാഞ്ഞിരമറ്റം പി.ഒ.
എറണാകുളം – 682 315. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഓഫീസ് മാനേജർ,
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം;
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം – 695 001.

2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ),
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം – 695 001. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 13/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 12/10/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.എ.സുലൈമാൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 2019–ലെ ഉത്തരവുപ്രകാരം ടിയാന് ഓവർടൈം വേതനം അനുവദിച്ച് ഉത്തരവാകുകയും

എന്നാൽ ടിയാന്റെ അപേക്ഷ പ്രകാരമുള്ള തുക അനുവദിക്കാത്തതിനാൽ ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ആയതിന് മുഴുവൻ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭിച്ചതെന്നും അപ്പീൽ അധികാരി ടിയാന്റെ സഹപ്രവർത്തകനായി ജോലി ചെയ്തയാളായതിനാൽ വ്യക്തമായ മറുപടി നൽകാമെന്ന് ഫോൺ മുഖേന സമ്മതിക്കുകയും ചെയ്തതിനാലാണ് രണ്ടാം അപ്പീൽ അപേക്ഷ നൽകുവാൻ വൈകിയതെന്നും ആയത് മാപ്പാക്കണമെന്നും ടിയാന്റെ അപേക്ഷയ്ക്ക് നടപടി ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 13.09.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 2016 മെയ് 31-ാം തീയതി തിരുവനന്തപുരം സെൻട്രൽ പ്രസ്സിൽ നിന്നും ഹെഡ് കംപ്യൂട്ടർ ആയി വിരമിച്ച ശ്രീ.കെ.എ.സുലൈമാന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഏതെല്ലാം മാസത്തെ ഓവർടൈം തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അനുവദിച്ച മണിക്കൂർ ഹവർലി തുക വിശദമാക്കണമെന്നും

ii. 2011 മുതൽ 2016 മെയ് മാസം വരെയുള്ള കാലയളവിൽ ഓവർടൈം അനുവദിച്ചതിന്റെയും മണിക്കൂർ, ഹവർലി റേറ്റ്, ആകെ തുക, കുടുതലായി അനുവദിച്ച മണിക്കൂർ, ആയതിന്റെ തുക വിശദീകരിക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.11.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 11.11.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 3.12.2021 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 26.07.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കെ.എ.സുലൈമാൻ ടി കാര്യാലയത്തിൽ ജോലി ചെയ്തിരുന്ന കാലയളവിലെ ഓവർ ടൈം സംബന്ധിച്ച ചോദ്യങ്ങൾക്കുള്ള മറുപടി 24.11.2021-ന് നൽകിയിരുന്നു എന്നും 16.11.2021-ലെ അപ്പീൽ സമർപ്പിച്ചതു പ്രകാരം ചോദ്യം 1-ന് 3/2015, 10/2015, 5/2016, 2/2016 എന്ന മാസങ്ങളിലെ ഓവർ ടൈം തുക

RIGHT TO INFORMATION

മാറി നൽകിയിട്ടുണ്ടെന്നും, ചോദ്യം 2-ൽ ആയതിന്റെ വിശദാംശങ്ങളും ചോദ്യം 3-ന് അച്ചടി വകുപ്പിലെ ജീവനക്കാർക്ക് നൽകുന്ന ഓവർ ടൈം തുക വാർഷിക ശമ്പളത്തിന്റെ 10% ത്തിൽ പരിമിതപ്പെടുത്തണമെന്ന സർക്കാർ ഉത്തരവിന്റെയും ആയതുപ്രകാരമുള്ള അച്ചടി വകുപ്പ് ഡയറക്ടറുടെ ഉത്തരവിന്റെയും പകർപ്പുകൾ ഹർജിക്കാരന് നൽകിയിരുന്നു എന്നും 14.12.2021 പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചതിന് ടിയാന്റെ ഓവർ ടൈം തുക മുഴുവനായും ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ മാറി നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. ഹർജിക്കാരൻ ഓവർ ടൈം ചെയ്ത 10/2015, 05/2016 മാസങ്ങളിലെ ഓവർ ടൈം തുകകളായ (66112/-, 26726/-) മാറി നൽകിയിട്ടുണ്ടെന്നും. എന്നാൽ അച്ചടി വകുപ്പിലെ ജീവനക്കാർക്ക് നൽകുന്ന ഓവർ ടൈം തുക വാർഷിക ശമ്പളത്തിന്റെ 10% ത്തിൽ പരിമിതപ്പെടുത്തണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയത് നിജപ്പെടുത്തിയപ്പോൾ ആകെ 9859/- രൂപ ടിയാൻ അധികം കൈപ്പറ്റുകയും ആയത് തിരികെ ഈടാക്കേണ്ടതാണെന്നും കൂടാതെ വാർഷിക ശമ്പളത്തിന്റെ 10% നിജപ്പെടുത്തുമ്പോൾ ടിയാൻ ഈ കാര്യാലയത്തിൽ ജോലി ചെയ്തിരുന്ന കാലയളവിലെ 3/2015, 02/2016 മാസങ്ങളിലെ ഓവർ ടൈം തുക നൽകാനാവില്ല എന്ന വിവരവും അച്ചടി വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു എന്നും ടി സാഹചര്യത്തിൽ OA(EKM) 2061/2019, OA 94/2020 & OA 1409/2020 നമ്പർ ഹർജികളിലെ വിധിന്യായം പാലിച്ച് അച്ചടി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 16.7.2021-ലെ 28793/19/ജി2 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.കെ.എ.സുലൈമാന് വാഴൂർ ഗവ. പ്രസ്സ്, എറണാകുളം ഗവ. പ്രസ്സ് എന്നീ കാര്യാലയങ്ങളിൽ ജോലി ചെയ്ത കാലയളവിലെ ഓവർടൈം തുകയിൽ (25460+27967=53427) നിന്നും ടിയാൻ അധികമായി കൈപ്പറ്റിയ 9859/- രൂപ കുറവ് ചെയ്ത് 43568/- രൂപ 17.8.2021-ൽ 207/2021-2022/എ111 നമ്പർ ബില്ലിൽ മാറി നൽകിയിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ഹർജിക്കാരന് 3/2015, 2/2016 മാസങ്ങളിലെ ഓവർടൈം തുക നൽകാനാകില്ല എന്നും എന്നാൽ ടി തുക മാറി നൽകിയിരുന്നു എന്ന് തെറ്റായ മറുപടി ഹർജിക്കാരന് നൽകിയിരുന്നു എന്നും കൂടാതെ ശ്രീ.കെ.എ.സുലൈമാന്റെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ കമ്മീഷൻ നിർദ്ദേശിച്ചത് പ്രകാരം ടി കാര്യാലയത്തിലെ രജിസ്റ്ററുകളും ഉത്തരവുകളും വിശദമായി പരിശോധിച്ചതിൽ, ടിയാന് 5/2016-ലെ ഓവർ ടൈം തുക മാറി നൽകിയിട്ടുള്ളതായി കാണുന്നില്ലെന്നും 3/2015, 2/2016 എന്നീ മാസങ്ങളിലെ ഓവർ ടൈം തുക മാറി നൽകാൻ കഴിയില്ല എന്ന മറുപടി നൽകുന്നതിന് പകരം ഓവർ ടൈം തുക മാറി നൽകിയെന്ന് ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതും, 5/2016-ലെ ഓവർ ടൈം

തുക ടിയാന് മാറി നൽകിയെന്ന് മറുപടി നൽകുകയും ചെയ്ത നടപടി മന:പൂർവ്വമല്ല എന്നും ആയത് മാപ്പാക്കണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ട വേളയിൽ ഹർജിക്കാരന് മറുപടി വിവരാവകാശ നിയമം നിർദ്ദേശിച്ചിരുന്ന സമയപരിധി കഴിഞ്ഞ് നൽകിയതിന്റെ വീഴ്ച ഒന്നാം എതിർകക്ഷി സമ്മതിക്കുകയുണ്ടായി. കൂടാതെ തെറ്റായ മറുപടി നൽകിയതായും കമ്മീഷന് ബോധ്യപ്പെട്ടു. ഇക്കാര്യം കമ്മീഷൻ ഗൗരവമായി കാണുന്നതിനാൽ വീഴ്ച സംഭവിച്ചതു സംബന്ധിച്ച് ഡയറക്ടർ, പ്രിന്റിംഗ് & സ്റ്റേഷനറി അന്വേഷണം നടത്തി കാരണക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി കർശനനടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനായി ടിയാന് ഓഫീസിൽ രേഖകൾ പരിശോധിക്കുന്നതിന് ഒരവസരം നൽകുകയും, പകർപ്പ് സൗജന്യമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇതോടൊപ്പം ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ മറുപടി നൽകുന്നതിന് കാലതാമസമോ വീഴ്ചയോ വരുത്തരുതെന്ന് കമ്മീഷൻ എസ്.പി.ഐ.ഒ., അപ്പീൽ അധികാരി എന്നിവർക്ക് കർശന നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 13-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM